പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.326 27.02.2017 - ൽ മറുപടിയ്ക്ക്

## കുറഞ്ഞവിലയ്ക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ജെ.ജോസഫ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) കാരുണ്യാ ഫാർമസി വഴി കുറഞ്ഞ വിലയ്ക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; | (എ) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും, ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയില്ലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ഉണ്ടാകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളവ, മിതമായ രീതിയിൽ ആവശ്യക്കാരുള്ളവ, നേരിയ രീതിയിൽ ആവശ്യക്കാരുള്ളവ എന്നിങ്ങനെ മൂന്ന് ഗണത്തിൽ പെടുത്തി, കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായി മരുന്ന് ലഭ്യത സാധ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എല്ലാ താലൂക്ക് ആശുപത്രികളോടും ചേർന്ന് കാരുണ്യാ ഫാർമസികൾ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) നിലവിൽ 23 താലൂക്കാശുപത്രികളോട് ചേർന്ന് കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നു. കൂടുതൽ താലൂക്കാശുപത്രികളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് തുടർനടപടികൾ കൈക്കൊള്ളാവുന്നതാണ്. |
| (സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ കുറഞ്ഞ നിരക്കിൽ സ്റ്റെന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) മരുന്നു കമ്പനികൾ സ്റ്റെന്റിന് അമിതവില ഈടാക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) നിർമ്മാണ കമ്പനികൾ സ്റ്റെന്റിന് അമിത വില ഈടാക്കുന്ന സാഹചര്യം നിലനിന്നിരുന്നതിനാൽ ആയതിനെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ബെയർ മെറ്റൽ സ്റ്റെന്റ്, ഡ്രഗ് എല്യൂട്ടിങ് സ്റ്റെന്റ് (DES) (which includes metallic DES and Bioresorbable Vascular Scaffold / Bio degradable stents) എന്നിവയെ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തുകയും ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി സ്റ്റെന്റുകളുടെ വില നിശ്ചയിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം 13/02/2017 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലകളിൽ പ്രസ്തുത ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് വകുപ്പ് നിരന്തരം ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ